# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 520 — 04.07.2013 ൽ മറുപടിക്ക്

**രോഗാവസ്ഥകൾക്കുള്ള സാഹചര്യം കണ്ടെത്തുന്നതിനും പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനും പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. എം.എ. വാഹീദ്<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ആഫീസുകൾ, ഫാക്ടറികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടത്തെ അനാരോഗ്യാവസ്ഥകൾക്കുള്ള സാഹചര്യം കണ്ടെത്തുന്നതിനും പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ; | (എ) സംസ്ഥാന സർക്കാർ ഓഫീസുകളിൽ പ്രത്യേകമായി അനാരോഗ്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ ഫാക്ടറികൾ, പൊതു മേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ ആരോഗ്യ സംരക്ഷണ ചുമതല എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷനാണ്. ഇ.എസ്.ഐ. കോർപ്പറേഷന് ഡിസ്പെൻസറികളും ആശുപത്രികളും, മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികളും സംസ്ഥാനത്ത് നിലവിലുണ്ട്. ഇതിനായി പദ്ധതി ആവിഷ്കരിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല. |
| (ബി) പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം;<br>(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;<br>(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം;<br>(ഇ) എന്തെല്ലാം കേന്ദ്ര സഹായമാണ് പദ്ധതിക്ക് ലഭിക്കുന്നത് ; വിശദമാക്കുമോ ? | (ബി) യും (സി) യും (ഡി) യും (ഇ) യും ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ